# HIGHER SECONDARY SCHOOL, ARIMPUR

## FIRST MID TERM EXAMINATION 2017-18

Class: X

കേരളപാഠാവലി

MALAYALAM - I

Marks : 20
Time : 45mins

1. താഴെ തന്നിരിക്കുന്നവയിൽ കാളിദാസന്റെ ഋതുസംഹാരത്തിന് യോജിക്കാത്ത വിശേഷണമേത്?
   - അഗാധമായ പ്രകൃതിസ്നേഹം
   - ലളിതമായ ഭാഷ
   - സൂക്ഷ്മമായ നിരീക്ഷണശക്തി
   - ആഴത്തിലുള്ള ജീവിത നിരീക്ഷണം (1)

2. മാതൃകപോലെ എഴുതുക

   തർക്കിക്കുക - തർക്കം

   നിയോഗിക്കുക -

   തിരസ്ക്കരിക്കുക - (1)

3. പദങ്ങൾ പിരിച്ചെഴുതുക
   - പുത്രമിത്രാർഥകളത്രാദിസംഗമം
   - വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദു (2)

4. അടിവരയിട്ട പദങ്ങൾ വിഗ്രഹിച്ചെഴുതുക
   - രാജധർമ്മത്തെപ്പറ്റി ഭാരതീയർക്കുണ്ടായിരുന്ന <u>ഉജ്ജ്വലാദർശങ്ങൾ</u> ഈ കാവ്യത്തിൽ ഉടനീളം പ്രകാശിച്ചു നിൽക്കുന്നു.
   - കാളിദാസകൃതികളെ മുട്ടിനിൽക്കുവാൻ വിശ്വസാഹിത്യത്തിൽ <u>ദുർലഭം</u> രചനകളേയുള്ളൂ. (2)

5. "അഗ്നിയെക്കണ്ടു മോഹിച്ചു ശലഭങ്ങൾ
   മഗ്നമായ് മൃത്യുഭവിക്കുന്നിതവ്വണ്ണം".
   "കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം
   നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ"

   മനുഷ്യജീവിതവുമായി എല്ലാ അർത്ഥത്തിലും ബന്ധപ്പെട്ട ഇത്തരത്തിലുള്ള തത്ത്വചിന്താപരമായ ഉപദേശങ്ങളും സാന്ത്വനങ്ങളും കൊണ്ട് നിറഞ്ഞ് തുളുമ്പുന്ന കാഴ്ച്ചയാണ് ലക്ഷ്മണ സാന്ത്വനത്തിൽ കാണാനാവുക. ഈ അഭിപ്രായത്തോട് ഉദാഹരണസഹിതം നിങ്ങളുടെ പ്രതികരണമെഴുതുക. (4)

6. അന്തരീക്ഷത്തിൽ സുഗന്ധം പരത്തുവാൻ
   എന്തിനു കസ്തൂരി ഏറെയോർത്താൽ..........

   വെണ്ണിക്കുളത്തിന്റെ ഈ വരികളുടെ അടിസ്ഥാനത്തിൽ 'ഗുണസവിശേഷതയാണ് മഹത്ത്വത്തിനടിസ്ഥാനം' എന്നതിനെ അധികരിച്ച് വായനാപക്ഷാചരണത്തിൽ പുറത്തിറക്കുന്ന വിദ്യാലയ കൈയെഴുത്തു മാസികയിലേക്ക് കാളിദാസകൃതികളും കഥാപാത്രങ്ങളും ഉള്ളടക്കവും പരിചയപ്പെടുത്തുന്ന ഒരു ഉപന്യാസം തയ്യാറാക്കുക. (5)

7. താഴെ കൊടുത്തിട്ടുള്ള കവിതയുടെ ആശയം വിശദീകരിച്ചുകൊണ്ട് ഒരു ആസ്വാദനം തയ്യാറാക്കുക. (5)

**<u>പുസ്തകങ്ങൾ</u>**

സുഖത്തിൽ സുഖമായി,
ദുഃഖത്തിലാശ്വാസമായ്
ഇരുട്ടിൽ വെളിച്ചമായ്,
ആശയായ് നിരാശയിൽ,
അറിവായ് പതറുന്ന
ബുദ്ധിയിൽ ; തെളിച്ചമായ്
നിഴൽ മൂടുമോർമ്മയിൽ
കരുത്തായ് തളർച്ചയിൽ,
യൗവനത്തിലെ പ്രിയ
തോഴരായ്; വാർദ്ധക്യത്തിൽ
ദിവ്യമാം താങ്ങായ്; സുസ്ഥി-
രങ്ങളായ് വിശ്വസ്തരായ്
പുസ്തകങ്ങളേ, നിങ്ങൾ
രാജിപ്പൂ, മനുഷ്യന്റെ-
യത്ഭുതസ്നേഹാദര
വിശ്വാസം നിങ്ങൾക്കല്ലോ
നിങ്ങളെ സ്നേഹിപ്പതേ
നിങ്ങളെപ്പൊലിപ്പതേ
നിങ്ങളെ നീളും കയ്യിൽ
പകരുന്നതേ പുണ്യം.

(സുഗതകുമാരി)



www.shenischool.in